**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6400** **10-11-2021 - ൽ മറുപടിയ്ക്ക്**

**സാക്ഷരത പ്രവർത്തനം വിപുലീകരിയ്ക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സാക്ഷരത പ്രവർത്തനം വാർഡുതലത്തിൽ ശക്തിപ്പെടുത്താനും സാക്ഷരത പ്രേരകുമാരുടെ പ്രവർത്തനം ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കുമോ; | (എ) | കേരളത്തിൽ ഒരു നിരക്ഷരരും അവശേഷിക്കരുതെന്നാണ് സർക്കാരിന്റെ പ്രാഥമിക ലക്ഷ്യം. 2011ലെ സെൻസസ് പ്രകാരം കേരളത്തിന്റെ സാക്ഷരതാ നിരക്ക് 93.91% ആണ്. നാഷണൽ സ്റ്റാറ്റിക്കൽ ഓഫീസിന്റെ 2020ലെ റിപ്പോർട്ടിൽ കേരളത്തിലെ സാക്ഷരതാനിരക്ക് 96.2% ആയി മാറിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിരക്ഷരരിൽ കൂടുതലും നഗര-ചേരി-തീരദേശ-ആദിവാസി- ഭാഷാന്യൂനപക്ഷ മേഖലകളിലാണുള്ളത്. ഈ മേഖലകളിൽ കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് വിവിധ നൂതനപദ്ധതികൾ ആവിഷ്കരിച്ച് നിരക്ഷരത നിർമ്മാർജ്ജനം ചെയ്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സാക്ഷരതാമിഷൻ ഇപ്പോൾ നടപ്പിലാക്കി വരുന്നത്. കേരളത്തിലെ സാക്ഷരത-തുടർ വിദ്യാഭ്യാസ ങ്ങൾക്ക് വർത്തമാനകാല സാമൂഹ്യ യാഥാർത്ഥ്യ ങ്ങളെ ഉൾക്കൊണ്ടുകൊണ്ടുള്ള പുതിയ ദിശാബോധവും പുത്തൻ ഉണർവും ഉണ്ടായ കാലമാണ് 2016-21 കാലഘട്ടം. സാക്ഷരതാ പ്രസ്ഥാനത്തിന്റെ ജനകീയ സ്വഭാവം വീണ്ടെടു ക്കുകയും പാർശ്വവത്കൃതമേഖലകളിലേക്ക് പ്രവർത്തനങ്ങളെ വ്യാപിപ്പിക്കുകയും ചെയ്തു. അതോടൊപ്പം ഒട്ടേറെ നൂതന പദ്ധതികളും സമകാലിക പ്രസക്തിയുള്ള സാമുഹ്യസാക്ഷരതാ പരിപാടികളും നടപ്പിലാക്കി വരികയാണ്. സംസ്ഥാന സാക്ഷരതാമിഷൻ ആവിഷകരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ജില്ലാതലം മുതൽ വാർഡ്തലം വരെ വിവിധ സാക്ഷരതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വാർഡ്തലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വാർഡ് സാക്ഷരതാസമിതിയുടെ മേൽനോട്ടത്തിൽ വിലയിരുത്തിയാണ് വരുന്നത്.ഗ്രാമ/മുനിസിപ്പൽ/ കോർപ്പറേഷൻ വാർഡ് സാക്ഷരതാ സമിതി കളുടെ |

| | | | |
|---|---|---|---|
| | | | കൺവീനർമാരായി വാർഡുകളിലെ പ്രേരക്മാരെയാണ് തീരുമാനിക്കപ്പെട്ടിട്ടുള്ളത് |
| (ബി) | പുതിയ പഠിതാക്കളെ കണ്ടെത്തി സാക്ഷരർ ആക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | കേരളം സമ്പൂർണസാക്ഷരത കൈവരിച്ചെങ്കിലും ആദിവാസി-തീരദേശ-ഭാഷാ ന്യൂനപക്ഷ മേഖലകളിൽ നിരക്ഷരതയുടെ തുരുത്തുകൾ ഇപ്പോഴും അവശേഷിക്കുന്നതായാണ് കണക്കുകൾ പറയുന്നത്. സംസ്ഥാനത്ത് ഇപ്പോഴും 18 ലക്ഷ ത്തോളം നിരക്ഷരർ അവശേഷിക്കുന്നതായും കണക്കുകൾ ഉണ്ട്. നിരക്ഷരത കൂടുതലുള്ള ഈ മേഖലകൾക്ക് പ്രത്യേകം ഊന്നൽ നൽകിക്കൊണ്ട് പ്രത്യേക സാക്ഷരതാപദ്ധതികൾ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരികയാണ്. കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ കേരളം സാക്ഷരതാ തുടർവിദ്യാഭ്യാസരംഗത്ത് കൈവരിച്ചിട്ടുള്ള നേട്ടങ്ങളെ മുൻനിർത്തിക്കൊണ്ട് കേന്ദ്രസർക്കാർ നടപ്പിലാക്കാൻപോകുന്ന‘‘പഠന ലിഖ്ന അഭിയാൻ' എന്ന സാക്ഷരതാപദ്ധതി യിലേക്ക് കേരളത്തെയും ഉൾപ്പെടുത്തുകയുണ്ടായി. 12 വർഷങ്ങൾക്കുശേഷമാണ് ക്രേന്ദ്രാവിഷകൃത സാക്ഷരതാപദ്ധതി കേരളത്തിന് ലഭിക്കുന്നത്. കേരളത്തിൽനിന്നുള്ള അഞ്ച് ജില്ലകളിലാണ് ഈ പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നത്. ഇത്തരം പദ്ധതികളിലൂടെ കേരളത്തിൽ അവശേഷിക്കുന്ന നിരക്ഷരത ഘട്ടംഘട്ടമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തന ങ്ങളുമായി മുന്നോട്ട് പോകുകയാണ്. |

സെക്ഷൻ ഓഫീസർ